(ബി) ഈ റോഡ് റീടാറിംഗ് നടത്തുന്നതിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട ഡിവിഷന് നൽകാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം 'ടി' റോഡ് റീടാറിംഗ് നടത്തുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ ആവശ്യമായ തുക വകയിരുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

അഗസ്ത്യമലയിലെ സസ്യജാലങ്ങളെ പറ്റിയുള്ള പഠനം

73 (1896)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യമലയിൽ എന്തെല്ലാം വിധത്തിലുള്ള സസ്യജാലങ്ങൾ ഉണ്ടെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) അഗസ്ത്യമലയിലെ ഓർക്കിഡുകൾ ഉൾപ്പെടെയുള്ള സസ്യജാലങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) (1) റ്റി.ബി.ജി.ആർ.ഐ. നടത്തിയ (1) ഫ്ളോറിസ്റ്റിക് സ്റ്റഡീസ് ഓൺ നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറി.(2) ഫ്ളോറിസ്റ്റിക് സ്റ്റഡീസ് ഓൺ പേപ്പാറ വൈൽഡ് ലൈഫ് സാങ്ച്വറി.

(2) റ്റി.ബി.ജി.ആർ.ഐ. നടത്തിയ സർവ്വേ ആന്റ് ഇവാല്യൂവേഷൻ ഓഫ് മൈക്രോ ഫ്ളോറ ഓഫ് നെയ്യാർ ആന്റ് പേപ്പാറ.

(3) കെ.എഫ്.ആർ.ഐ. നടത്തിയ സ്റ്റഡി ഓൺ ഫ്ളോറാ ഓഫ് ശെന്തുരുണി വൈൽഡ് ലൈഫ് സാങ്ച്വറി വിത്ത് എംഫസൈസ് ഓൺ എൻഡമിക് സ്പീഷീസ്.

4. റ്റി.ബി.ഡി.ആർ.ഐ. നടത്തിയ സ്റ്റഡി ഓൺ ദി റെയർ ആന്റ് എൻഡെയിൻജേർഡ് ഓർക്കിഡ്സ് ഓഫ് കേരള.

(സി) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ഓർക്കിഡുകൾ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള അത്യപൂർവ്വ സസ്യജാലങ്ങൾ കാണപ്പെടുന്ന പ്രദേശങ്ങൾ പൂർണ്ണമായും കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നുണ്ട്.

2. സംരക്ഷണ വിഭാഗം ജീവനക്കാരെ ഫീൽഡ് പെട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി വരുന്നുണ്ട്.

3. പ്രശ്ന പ്രദേശങ്ങളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ബാഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എഫ്.ആർ.എൽ.എച്ച്.റ്റി. എന്ന സംഘടനയുടെ സഹായത്തോടെ 'ഔഷധ സസ്യസംരക്ഷണ മേഖല' രൂപീകരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ട്.

5. അനധികൃതമായി സസ്യജാലങ്ങൾ ശേഖരിക്കുന്ന ആൾക്കാർക്കെതിരെ വനനിയമം വന്യജീവി സംരക്ഷണ നിയമം എന്നിവ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

6. തമിഴ്നാട്ടിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടു സംയുക്ത പരിശോധന നടത്തുന്നുണ്ട്.

7. ആദിവാസികളുടെ സഹായത്തോടെ ജീവജാലങ്ങളെയും അവയുടെ ആവാസ വ്യവസ്ഥയേയും സംരക്ഷിക്കുന്നതിന് 'ഇക്കോ ഡെവലപ്മെന്റ് പദ്ധതി' നടപ്പാക്കാനുള്ള നടപടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

8. അഗസ്ത്യമലയിൽ എത്തുന്ന തീർത്ഥാടകരെയും സന്ദർശകരെയും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രമായി നിജപ്പെടുത്തുന്നവർക്ക് വന സംരക്ഷണം ജൈവ വൈവിദ്ധ്യസംരക്ഷണം എന്നിവയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

9. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന 'കേരള ഫോറസ്ട്രി പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഈ പ്രദേശങ്ങളുടെ ആവാസ വ്യവസ്ഥ പ്രത്യേകമായി പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നുണ്ട്.

വ്യാവസായികാവശ്യത്തിനായി നൽകുന്ന വന വിഭവങ്ങൾ

74(189) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പു വനവിഭവങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് നൽകുന്നത്;

(ബി) ഓരോ വ്യവസായ സ്ഥാപനങ്ങൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയിട്ടുള്ള വനവിഭവങ്ങളുടെ അളവും അതിന് ഈടാക്കിയ തുകയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഈ വനവിഭവങ്ങളുടെ മാർക്കറ്റ് വില എത്രയായിരുന്നെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് വെള്ളൂർ, മെ.ഗ്രാസിം ഇൻഡസ്ട്രീസ്, മാവൂർ എന്നീ കമ്പനികൾക്ക് വനവിഭവങ്ങൾ നൽകിയിരുന്നു. ഇതിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കമ്പനിയ്ക്ക് ഇപ്പഴും വന വിഭവങ്ങൾ നൽകുന്നുണ്ട്. മെ.ഗ്രാസീം ഇൻഡസ്ട്രീസും സർക്കാരുമായുള്ള കരാർ 31.8.99-ൽ അവസാനിച്ചതിനാൽ ഇപ്പോൾ കമ്പനിയ്ക്ക് വനവിഭവങ്ങൾ നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly